**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2206** **12-12-2022 - ൽ മറുപടിയ്ക്ക്**

**സൈബർശ്രീ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി കെ പ്രശാന്ത് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സി-ഡിറ്റും പട്ടികജാതി വികസന വകുപ്പും ചേർന്ന് രൂപീകരിച്ച സൈബർശ്രീ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്തെ പട്ടികജാതി വിഭാഗത്തിൽപെട്ട B.Tech/ MCA/ MSc(Comp)/ Degree/ Diploma പാസ്സായ വിദ്യാർത്ഥികൾക്ക് സ്റ്റൈപന്റോടുകൂടി IT & Visual Communication രംഗത്ത് മികച്ച പരിശീലനവും വ്യക്തിത്വവികസന പരിശീലനവും നൽകി, മികച്ച തൊഴിൽ നേടുന്നതിനും തൊഴിൽ സംരംഭകരാക്കുന്നതിനും സജ്ജരാക്കുക എന്ന ലക്ഷ്യത്തോടുകൂടി ആരംഭിച്ച പദ്ധതിയാണ് സൈബർശ്രീ. |
| (ബി) | രൂപീകരണം മുതൽ സൈബർശ്രീ പദ്ധതി വഴി നടത്തിയ പരിശീലനങ്ങളുടെ നേട്ടങ്ങൾ വിശദമാക്കുമോ; | (ബി) | 2005-ൽ സോഫ്റ്റ് വെയർ വികസനത്തിൽ പരിശീലനം നൽകിക്കൊണ്ടാണ് സൈബർശ്രീ പദ്ധതി ആരംഭിച്ചത്. സൈബർശ്രീയുടെ തിരുവനന്തപുരം, ഹരിപ്പാട് സെന്ററുകളിൽ നിന്ന് നിരവധി പട്ടികജാതി വിദ്യാർത്ഥികൾ പരിശീലനം നേടുകയും, പരിശീലനം നേടിയവരിൽ 80% പേർ വിവിധമേഖലകളിലായി സ്വദേശത്തും, വിദേശത്തും തൊഴിൽ നേടുകയും ചെയ്തിട്ടുണ്ട്. |
| (സി) | ഈ സാമ്പത്തിക വർഷത്തിൽ നടത്താനായി പരിശീലനങ്ങളുടെ പ്രൊപ്പോസൽ സി-ഡിറ്റ് സമർപ്പിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (സി) | ഈ സാമ്പത്തിക വർഷത്തിൽ നടത്താനായുള്ള പരിശീലനങ്ങളുടെ പ്രൊപ്പോസൽ സി-ഡിറ്റ് ലഭ്യമാക്കിയിട്ടുണ്ട്. ആയത് പരിശോധിച്ച് വരുന്നു. |
| (ഡി) | അപ്രകാരം പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടെങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | (ഡി) | ഈ സാമ്പത്തിക വർഷത്തിൽ നടത്താനായുള്ള പരിശീലനങ്ങളുടെ പ്രൊപ്പോസൽ സി-ഡിറ്റ് ലഭ്യമാക്കിയിട്ടുണ്ട്. ആയത് പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ